പതിനാലാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2667 — 17/6/2019 ൽ മറുപടിക്ക്

## പാൽ, മുട്ട, മാംസം ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത

ചോദ്യം — മറുപടി

ശ്രീ.എ.പി. അനിൽ കുമാർ : — അഡ്വ .കെ.രാജു
(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി).

| | | | |
|---|---|---|---|
| എ) | എ.ആർ.ഡി. പദ്ധതി പ്രകാരം പാൽ, മുട്ട, മാംസം എന്നിവയിൽ സംസ്ഥാനത്തിന് സ്വയംപര്യാപ്തത നേടുവാൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ ഈ മേഖലയിൽ ഇതുവരെ കൈവരിച്ച നേട്ടങ്ങൾ എന്തൊക്കെയാണ്; | എ) | എ.ആർ.ഡി. പദ്ധതി പ്രകാരം പാൽ, മുട്ട, മാംസം എന്നിവയിൽ സംസ്ഥാനത്തിന് സ്വയംപര്യാപ്തത നേടുവാൻ കഴിഞ്ഞിട്ടില്ല. പാൽ, മുട്ട, മാംസം എന്നിവയിൽ സ്വയംപര്യാപ്തത എന്ന സർക്കാർ ലക്ഷ്യം മുൻനിർത്തി 2018-19 ൽ പുതുതായി ആവിഷ്കരിച്ച പദ്ധതിയാണിത്. മൃഗസംരക്ഷണ മേഖലയിൽ കർഷകർ എടുത്തിട്ടുള്ള ലോണുകളുടെ പലിശയിനത്തിൽ സബ്സിഡി, വാണിജ്യാടിസ്ഥാനത്തിലുള്ള ആട് വളർത്തൽ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി, കാള/പോത്തുകുട്ടി വളർത്തൽ പദ്ധതി തുടങ്ങി വിവിധങ്ങളായ പദ്ധതികളാണ് പ്രസ്തുത പദ്ധതിയുടെ കീഴിൽ ആസൂത്രണം ചെയ്തിട്ടുള്ളത്. പദ്ധതിക്ക് 2018-19 സാമ്പത്തിക വർഷം 6.25 കോടി രൂപയും 2019-20 സാമ്പത്തിക വർഷം 8.01 കോടി രൂപയും അനുവദിച്ചു.<br><br>കർഷകർ എടുത്തിട്ടുള്ള ലോണുകൾക്ക് പലിശ ഇനത്തിൽ സബ്സിഡി നൽകുന്ന പദ്ധതിയിൽ 2018-19 ൽ 6291 കർഷകർക്ക് സഹായം നൽകി. 2018-19 ൽ 300 ലക്ഷം രൂപയാണ് പദ്ധതിക്കായി അനുവദിച്ചത്. 2019-20 ൽ പദ്ധതിക്കായി 200 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.<br><br>വാണിജ്യാടിസ്ഥാനത്തിലുള്ള ആട് വളർത്തുന്ന പദ്ധതിക്ക് 2018-19 ൽ 150 ലക്ഷം അനുവദിച്ചിരുന്നു. യൂണിറ്റൊന്നിന് ഒരു ലക്ഷം വീതം 150 യൂണിറ്റുകൾക്ക് 150 ലക്ഷം രൂപ അനുവദിച്ചു. 2019-20 ൽ 195 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.<br><br>പോത്തുകുട്ടി വളർത്തൽ പദ്ധതിക്ക് 2018-19 ൽ തിരുവനന്തപുരം, കൊല്ലം , പത്തനംതിട്ട ജില്ലകൾക്കായി ഒരു യൂണിറ്റിന് 10,000/- രൂപ വീതം 1250 |

| | | | |
|---|---|---|---|
| | | | യൂണിറ്റുകൾക്ക് 125 ലക്ഷം രൂപ അനുവദിച്ചു. 2019-20 ൽ 125 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.<br><br>മേൽ പദ്ധതികൾ കൂടാതെ 2019-20 ൽ പ്രളയബാധിത ജില്ലകളിലെ കർഷകർക്ക് കിടാരികളെ വാങ്ങുന്നതിനും പരിപാലിക്കുന്നതിനും സഹായം നൽകുന്ന പദ്ധതിയും എ.ആർ.ഡി യുടെ കീഴിൽ നടപ്പിലാക്കും. പ്രസ്തുത പദ്ധതിപ്രകാരം 1120 കർഷകർക്ക് 25,000/- രൂപ വീതം സഹായം ലഭ്യമാകും. |
| ബി) | ക്ഷീരവികസന വകുപ്പ് മുഖേന ക്ഷീരകർഷകരെയും അവരുടെ ഉരുക്കളെയും ഇൻഷ്വർ ചെയ്യുന്ന സമഗ്ര ഇൻഷ്വറൻസ് പദ്ധതി പ്രാവർത്തികമാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | ബി) | സമഗ്രഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കി തുടങ്ങിയിട്ടുണ്ട്. ഉരുക്കളെയും , ക്ഷീരകർഷകരെയും അവരുടെ കുടുംബങ്ങളെയും ഈ പദ്ധതിയിൽ അംഗങ്ങളാക്കാവുന്നതാണ്. കർഷകനും കുടുംബാംഗങ്ങൾക്കും ചികിത്സാ സഹായം ഈ പദ്ധതി പ്രകാരം ലഭിക്കുന്നതാണ്. |
| സി) | ക്ഷീരമേഖലയിലെ പ്രധാന പ്രശ്നമായ കറവക്കാരുടെ ക്ഷാമം നേരിടുന്നതിനായി കറവ യന്ത്രം സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; ഇതിനകം എത്ര കർഷകർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചുവെന്ന് അറിയിക്കുമോ; | സി) | മൃഗസംരക്ഷണ വകുപ്പ് മുഖേന 2017-18 ൽ 184 പേർക്കും 2018-19 ൽ 184 പേർക്കും കറവയന്ത്രം വിതരണം ചെയ്തു. 2019-20 ൽ 200 പേർക്ക് വിതരണം ചെയ്യും.<br><br>ക്ഷീരവികസന വകുപ്പ് മുഖേന 2018-19 വർഷത്തിൽ 562 കർഷകർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചിട്ടുണ്ട്. കറവയന്ത്രത്തിന്റെ വിലയുടെ 50% പരമാവധി 25000/- രൂപയാണ് സബ്സിഡിയായി നൽകുന്നത്. |
| ഡി) | കോഴിയിറച്ചിയുടെ ആഭ്യന്തര ഉല്പാദനവും വിപണനവും വിലനിയന്ത്രണവും ഗുണമേന്മയും ലക്ഷ്യമിട്ട് മൃഗസംരക്ഷണ വകുപ്പ് നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ; ഇതുമൂലം പൊതുമാർക്കറ്റിൽ കോഴിയിറച്ചിയുടെ വില നിയന്ത്രിക്കുന്നതിന് സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ? | | സംസ്ഥാനത്ത് കോഴികർഷകർക്കായി മൃഗസംരക്ഷണ വകുപ്പ് കേരള സ്റ്റേറ്റ് പൗൾട്രി വികസന കോർപറേഷൻ , കുടുംബശ്രീ എന്നീ സർക്കാർ ഏജൻസികളുടെ സംയുക്ത സംരംഭമായി കേരള ചിക്കൻ പദ്ധതി നടപ്പിലാക്കി വരുന്നു. സംസ്ഥാനത്ത് ആവശ്യമുള്ള ഇറച്ചിക്കോഴി മുഴുവൻ ഉല്പാദിപ്പിക്കാൻ ഈ പദ്ധതികൾ മുഖേന സാധ്യമാകാത്തതിനാൽ പുറമെ നിന്നും ഇറച്ചിക്കോഴികൾ വരുന്നുണ്ട്. അതുകൊണ്ട് വിലനിയന്ത്രണം പൂർണ്ണമായും സാധിച്ചിട്ടില്ല. ഇറച്ചിക്കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനായി കർഷകർക്കായി 2 പദ്ധതികൾ കെപ്കോ നടപ്പാക്കുന്നു.<br><br>1. <u>കോൺട്രാക്ട് ഫാമിംഗ്</u><br><br>ഇറച്ചിക്കോഴി വളർത്തലിൽ താത്പര്യമുള്ള കർഷകർക്ക് മിതമായ നിരക്കിൽ ഇറച്ചിക്കോഴി കുഞ്ഞുങ്ങളെ വിതരണം ചെയ്യുകയും അവർ വളർത്തി എടുക്കുന്ന കോഴികൾക്ക് 45 ദിവസം പ്രായവും 2 കിലോ തൂക്കവും ഉണ്ടാകുമ്പോൾ കിലോക്ക് 82 രൂപാ നിരക്കിൽ കെപ്കോ തിരിച്ചെടുത്ത് പ്രോസസ് ചെയ്ത് കോഴിയിറച്ചി |

| | | | | |
|---|---|---|---|---|
| | | | | തയ്യാറാക്കുന്നു. തീറ്റ, മരുന്ന് , അടിസ്ഥാന സൗകര്യങ്ങൾ തുടങ്ങിയവ കർഷകൻ നിർവ്വഹിക്കണം. ഇറച്ചിക്കോഴികളെ വിറ്റഴിക്കാനുള്ള പ്രയാസം കർഷകനുണ്ടാകുന്നില്ല.<br><br><u>മൃഗസംരക്ഷണ - കെപ്കോ - കുടുംബശ്രീ കോഴിവളർത്തൽ പദ്ധതി</u><br><br>കെപ്കോ ഉത്പാദിപ്പിക്കുന്ന ഒരു ദിവസം പ്രായമായ ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളെ 40/- രൂപ നിരക്കിൽ കുടുംബശ്രീ യൂണിറ്റുകൾക്ക് നൽകി വളർത്തിയെടുത്ത് 40-45 ദിവസം പ്രായവും 2 കിലോ ഗ്രാം തൂക്കവും ഉണ്ടാകുമ്പോൾ കിലോയ്ക്ക് 85 രൂപ നിരക്കിൽ കെപ്കൊ തിരിച്ചെടുത്ത് പ്രോസസ്സ് ചെയ്യുന്നു. 1000 ഇറച്ചിക്കോഴികൾ വീതമുള്ള യൂണിറ്റുകൾ ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നത്. പൈലറ്റ് പ്രോജക്റ്റ് എന്ന നിലയ്ക്ക് ഇപ്പോൾ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട എന്നീ ജില്ലകളിൽ യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട്.<br><br>മൃഗസംരക്ഷണ വകുപ്പ് കോഴിവളർത്തലിനുള്ള പരിശീലനം കർഷകർക്ക് നൽകി വരുന്നു. ആയതിനാൽ ഗുണമേന്മയുള്ള കോഴിയിറച്ചിയാണ് വിപണനം ചെയ്തുവരുന്നത്. |

സെക്ഷൻ ഓഫീസർ